**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3739** **02-03-2023 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിക്കായി അംഗീകരിച്ച പ്രാഥമിക ലിസ്റ്റിൽ പൂഞ്ഞാർ മണ്ഡലത്തിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്തിലെ പുത്തൻചന്ത സ്റ്റേഡിയം ഉൾപ്പെടുത്തിയിട്ടുണ്ട്. 07.12.2022 തീയതിയിലെ ജില്ലാ കളക്ടറുടെ ഡി6/3722/2022/എം.എൽ.എ – എ ഡി.എസ്./ എസ്.കെ നമ്പർ കത്ത് പ്രകാരം പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് പ്രകാരം ഭരണാനുമതിയ്ക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.<br><br>“Healthy Kids” പദ്ധതി നടപ്പിലാക്കാനായി പൂഞ്ഞാർ മണ്ഡലത്തിൽ പൂഞ്ഞാർ എൽ.പി സ്കൂളാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ടി പദ്ധതിയുമായി ബന്ധപ്പെട്ട് സ്കൂളിൽ ആവശ്യമായ ഇൻഡോർ സ്പേയ്സ് ലഭ്യമാക്കുന്ന ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനായുള്ള കളിയുപകരണങ്ങൾ എത്തിച്ച് പദ്ധതി ഉടൻ ആരംഭിക്കുന്നതാണ്. ഗോൾ പദ്ധതി രണ്ടാം ഘട്ടത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട് ഇതിന്റെ ഭാഗമായി 140 നിയോജക മണ്ഡലങ്ങളിലും ഓരോ ഫുട്ബോൾ പരിശീലന കേന്ദ്രം വീതമാണ് ആരംഭിക്കുക മേയ് മാസത്തോടെ കായികക്ഷമതയുള്ള കുട്ടികളെ തെരഞ്ഞെടുക്കുന്നതിനുള്ള സെലക്ഷൻ പ്രക്രിയ ആരംഭിയ്ക്കും, ജൂൺ മാസത്തോടെ പരിശീലനം ആരംഭിയ്ക്കും. പൂഞ്ഞാർ മണ്ഡലത്തിൽ യുക്തമായ പരിശീലന കേന്ദ്രം കണ്ടെത്തുന്നതിനുള്ള പ്രക്രിയ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഹെൽത്തി കിഡ്സ്, ഗോൾ എന്നീ പദ്ധതികൾ മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | **ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിക്കായി അംഗീകരിച്ച പ്രാഥമിക ലിസ്റ്റിൽ പൂഞ്ഞാർ മണ്ഡലത്തിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്തിലെ പുത്തൻചന്ത സ്റ്റേഡിയം ഉൾപ്പെടുത്തിയിട്ടുണ്ട്. 07.12.2022 തീയതിയിലെ ജില്ലാ കളക്ടറുടെ ഡി6/3722/2022/എം.എൽ.എ – എ ഡി.എസ്./ എസ്.കെ നമ്പർ കത്ത് പ്രകാരം പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് പ്രകാരം ഭരണാനുമതിയ്ക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.**<br><br>**"Healthy Kids" പദ്ധതി നടപ്പിലാക്കാനായി പൂഞ്ഞാർ മണ്ഡലത്തിൽ പൂഞ്ഞാർ എൽ.പി സ്കൂളാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ടി പദ്ധതിയുമായി ബന്ധപ്പെട്ട് സ്കൂളിൽ ആവശ്യമായ ഇൻഡോർ സ്പേയ്സ് ലഭ്യമാക്കുന്ന ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനായുള്ള കളിയുപകരണങ്ങൾ എത്തിച്ച് പദ്ധതി ഉടൻ ആരംഭിക്കുന്നതാണ്. ഗോൾ പദ്ധതി രണ്ടാം ഘട്ടത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട് ഇതിന്റെ ഭാഗമായി 140 നിയോജക മണ്ഡലങ്ങളിലും ഓരോ ഫുട്ബോൾ പരിശീലന കേന്ദ്രം വീതമാണ് ആരംഭിക്കുക മേയ് മാസത്തോടെ കായികക്ഷമതയുള്ള കുട്ടികളെ തെരെഞ്ഞെടുക്കുന്നതിനുള്ള സെലക്ഷൻ പ്രക്രിയ ആരംഭിയ്ക്കും, ജൂൺ മാസത്തോടെ പരിശീലനം ആരംഭിയ്ക്കും. പൂഞ്ഞാർ മണ്ഡലത്തിൽ യുക്തമായ പരിശീലന കേന്ദ്രം കണ്ടെത്തുന്നതിനുള്ള പ്രക്രിയ ആരംഭിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ